# Syro-Malabar Eparchy of St. Thomas The Apostle, Melbourne

Prot. No. MPL: 132/24/4 11 October 2024

## സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരങ്ങളേ, കുഞ്ഞുമക്കളേ,

ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകാമാതാവിനെയും മിഷനറിമാരുടെ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായെയും പ്രത്യേകമായി അനുസ്മരിക്കുന്ന അവസരമാണല്ലോ ഈ ഒക്ടോബർ മാസം. കത്തോലിക്കാസഭയിൽ പ്രാർത്ഥനയുടെയും, പ്രവർത്തനത്തിന്റെയും പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുന്ന അവസരമായി ഈ മാസത്തെ നാം കരുതേണ്ടതുണ്ട്. നമ്മുടെ പള്ളികളിലും കുടുംബ യൂണിറ്റുകളിലും നടക്കുന്ന പത്ത് ദിവസത്തെ കൊന്തനമസ്കാരം നമ്മുടെ ആത്മീയവളർച്ചയ്ക്കും ഐക്യത്തിനും കാരണമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"എനിക്ക് ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥന ജപമാലയാണ്" എന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളും, "എല്ലാ ദിവസവും പ്രഭാതത്തിലും സായാഹ്നത്തിലും ഞാൻ ജപമാല ചൊല്ലുന്നു" എന്ന ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ വാക്കുകളും നമുക്ക് പ്രേരകശക്തി ആകേണ്ടതാണ്. 1917 മെയ് 13-ന് ഫാത്തിമയിൽ "ഞാൻ ജപമാല രാജ്ഞിയാണ്, ഭക്തിപൂർവ്വം കൊന്ത ചൊല്ലുവിൻ" എന്നും മാതാവ് വെളിപ്പെടുത്തി. ഒരു കൈയിൽ അനാഥക്കുഞ്ഞും മറുകൈയിൽ കൊന്തയുമായി നിൽക്കുന്ന വി. മദർ തെരേസ, ആത്മീയ രംഗത്തും മിഷൻ രംഗത്തും നമുക്കുണ്ടായിരിക്കേണ്ട കരുതലുകളെക്കുറിച്ചാണ് പഠിപ്പിക്കുന്നത്.

വിശുദ്ധ കൊച്ചുത്രേസ്യായെ പ്രത്യേകമായി അനുസ്മരിക്കുന്ന ഈ മാസം ആഗോളസഭയിലെ മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുംവേണ്ടി പ്രാർത്ഥിക്കുകയും സഭയുടെ മിഷൻപ്രവർത്തനങ്ങളിൽ പങ്കാളികൾ ആവുകയും ചെയ്യേണ്ട അവസരമാണ്.

ദൈവശാസ്ത്രപരവും പ്രായോഗികവുമായ അടിത്തറയിൽ കത്തോലിക്കാസഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് നിർണായകമായ സ്ഥാനമുണ്ട്. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്തായി 28:19) എന്ന് തിരുസഭയ്ക്ക് ലഭിച്ചിരിക്കുന്ന കല്പന ഈശോമിശിഹാ നേരിട്ട് നൽകിയ കല്പനയാണ്.

മിഷൻ പ്രവർത്തനം ഏതാനും വ്യക്തികളുടെ ഉത്തരവാദിത്വമല്ല. മറിച്ച് ഓരോ ക്രിസ്ത്യാനിയുടെയും കടമയാണ്. ഇത് ആത്മീയ വളർച്ചയ്ക്ക് അവസരങ്ങൾ നൽകുന്നു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (യോഹന്നാൻ 15:12) എന്ന കൽപ്പനയിൽ ജീവിക്കുന്ന വിശ്വാസികളെ അവരുടെ വിശ്വാസം പ്രാവർത്തികമാക്കാൻ മിഷൻ പ്രവർത്തനം സഹായിക്കുന്നു.

പ്രാർത്ഥനയിലൂടെയും പ്രവർത്തനങ്ങളിലൂടെയും എപ്രകാരം നമുക്ക് മിഷൻ പ്രവർത്തനങ്ങളിൽ പങ്കുകാരാകാം എന്ന് മാതാപിതാക്കന്മാരും മതാദ്ധ്യാപകരും കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. ഈ വർഷത്തെ മിഷൻ ഞായർ വളരെ പ്രാധാന്യത്തോടെ ആഘോഷിക്കണമെന്നും നമ്മുടെ കുട്ടികൾക്ക് മിഷൻ പ്രവർത്തനങ്ങളിൽ

പങ്കുകാരാകുവാനുള്ള അവസരങ്ങൾ മിഷൻ ഞായർ ആഘോഷങ്ങളിൽ ഉൾപ്പെടുത്തണമെന്നും സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു.

## കത്തീഡ്രൽ ദേവാലയ കൂദാശ കർമ്മം

നമ്മുടെ രൂപതയുടെ കേന്ദ്രമായ കത്തീഡ്രൽ ദൈവാലയം, നവംബർ 23 ശനിയാഴ്ച രാവിലെ 9.30-ന് കൂദാശ ചെയ്യപ്പെടുന്ന കാര്യം സന്തോഷത്തോടെയും അഭിമാനത്തോടെയും നിങ്ങളെ അറിയിക്കുന്നു. നമ്മുടെ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവാണ് കൂദാശ കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിക്കുന്നത്. സുപ്രധാനവും വിശുദ്ധവുമായ ഈ കർമ്മത്തിലേക്ക് നിങ്ങളെ എല്ലാവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

നമ്മുടെ സ്വപ്നമായ ഈ കത്തീഡ്രൽ ദേവാലയം സാക്ഷാത്കരിക്കുവാനായി അത്യദ്ധ്വാനം ചെയ്തത് കത്തീഡ്രൽ ഇടവകാസമൂഹമാണ്. അവരുടെ അശ്രാന്ത പരിശ്രമം, നിസ്വാർത്ഥ സംഭാവനകൾ, ഈ വിശുദ്ധ പദ്ധതിയോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നിവ തികച്ചും മാതൃകാപരവും അഭിനന്ദനാർഹവുമാണ്. എല്ലാ രൂപതാംഗങ്ങളുടെയും പേരിൽ കത്തീഡ്രൽ വികാരി ബഹുമാനപ്പെട്ട വർഗീസ് വാവോലിയച്ചനെയും ഇടവകാംഗങ്ങൾ ഓരോരുത്തരേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയും നിങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ വിശുദ്ധ കർമ്മത്തിൽ പ്രാർത്ഥനയിലൂടെയും സാന്നിദ്ധ്യത്തിലൂടെയും പങ്കു ചേരുന്നതിനോടൊപ്പം നിങ്ങൾക്ക് സാധ്യമായ ഒരു സാമ്പത്തിക സഹായം ഓരോ ഇടവകയും മിഷനും നമ്മുടെ കത്തീഡ്രൽ ദേവാലയത്തിന് നല്കുന്നത് നമ്മുടെ രൂപതാ കുടുംബത്തിന്റെ കൂട്ടായ്മയുടെ ഏറ്റവും വലിയ മാതൃകയായിരിക്കും.

## UNITE CONFERENCE

2025 ജൂബിലി വർഷമായി പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. ജൂബിലി വർഷത്തോടനുബന്ധിച്ച് നമ്മുടെ രൂപതയിലെ യുവജനങ്ങൾക്ക് ഒരുമിച്ച് വരുവാനും പ്രാർത്ഥിക്കുവാനും പ്രസിദ്ധരായ വ്യക്തികളുടെ ദൈവാനുഭവങ്ങൾ ശ്രവിക്കുവാനും ആയി 2025 February 6 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ മെൽബണിൽ വച്ച് UNITE CONFERENCE നടത്തപ്പെടുന്നു. വളരെ പ്രധാനപ്പെട്ട ഈ കോൺഫറൻസിലേക്ക് നമ്മുടെ എല്ലാ യുവതീയുവാക്കന്മാരെയും പങ്കെടുപ്പിക്കുവാൻ മാതാപിതാക്കന്മാരും വികാരിയച്ചന്മാരും താല്പര്യമെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. കോൺഫറൻസ് നടത്തിപ്പിനായി നമ്മുടെ യുവാക്കൾ നടത്തുന്ന Raffle, Merchandise പ്രവർത്തനങ്ങളിൽ അവർക്ക് ആത്മാർത്ഥമായ പിന്തുണ നമ്മുക്ക് നല്കാം.

## ചൂരൽമല, വിലങ്ങാട് പ്രളയ ദുരിതാശ്വാസ ഫണ്ട്

ചൂരൽമലയിലും വിലങ്ങാട്ടും നാശം വിതച്ച ഉരുൾപൊട്ടലിൽ നമ്മുടെ സഹോദരങ്ങൾ നേരിട്ട വെല്ലുവിളി നിറഞ്ഞ സമയങ്ങളിൽ നിങ്ങൾ നൽകിയ അചഞ്ചലമായ പിന്തുണയ്ക്കും അനുകമ്പയ്ക്കും ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. നിങ്ങളുടെ ശ്രദ്ധേയമായ $146,707.41 സംഭാവന ആവശ്യമുള്ളവരെ സഹായിക്കുന്നതിനുള്ള നിങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ്. ഈ പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരിലേക്ക് സഹായമെത്തിക്കുന്നുവെന്ന് ഉറപ്പാക്കി മാനന്തവാടി, താമരശ്ശേരി രൂപതകളിലേക്ക് പ്രളയദുരിതാശ്വാസ ഫണ്ട് കൈമാറിയിട്ടുണ്ട്. നിങ്ങളുടെ അത്ഭുതകരവും നിസ്വാർത്ഥവുമായ ഉപവിപ്രവൃത്തികൾക്ക് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജപമാല രാജ്ഞിയായ പരിശുദ്ധ കന്യാകാമാതാവിൻറെയും മിഷനറിമാരുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥ്യം നമ്മോടൊപ്പം ഉണ്ടായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെല്ലാവരെയും ഹൃദയർപൂവ്വം ആശീർവദിക്കുന്നു.

ഈശോമിശിഹായിൽ സ്നേഹപൂർവം,

**മാർ ജോൺ പനന്തോട്ടത്തിൽ, സി. എം. ഐ**

സീറോ-മലബാർ മെൽബൺ രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2024 ഒക്ടോബർ 13 ഞായറാഴ്ച സീറോ-മലബാർ മെൽബൺ രൂപതയുടെ കീഴിലുള്ള എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.